(എച്ച്) ഈ തീരുമാനങ്ങളിൽ ഒപ്പുവച്ച് അന്നുതന്നെ സമാധാനം ഭഞ്ജിക്കുന്ന എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഐ) അതിനുശേഷം ഇതുവരെ നിയമസമാധാനത്തെ ഭഞ്ജരിക്കുന്ന എന്തെല്ലാം നടപടികൾ ഉണ്ടായിട്ടുണ്ട്. അതു സംബന്ധിച്ച് വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ)&(ബി) 6.12.99-ന് കണ്ണൂർ കളക്ടറേറ്റിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടിയിരുന്നു.

(സി) പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.†

(ഡി)&(ഇ) പൊതുവായ വിമർശനങ്ങൾ ഉണ്ടായതല്ലാതെ അന്വേഷണം ആവശ്യമായ ഗുരുതരമായ ആക്ഷേപങ്ങളൊന്നും ഉണ്ടായിട്ടില്ല.

(എഫ്) സർവകക്ഷി സമാധാനസമ്മേളനത്തിന്റെ പ്രഖ്യാപനം അനുബന്ധം (ബി)† ആയി ചേർക്കുന്നു. കൂടാതെ 6.1.2000-ൽ കണ്ണൂർ ജില്ലാ സംസ്ഥാനസമ്മേളനയോഗം കണ്ണൂർ കളക്ടറേറ്റിൽ ചേരുക, പ്രസ്തുത യോഗത്തിൽ ഒരു മന്ത്രി പങ്കെടുക്കുക, സമാധാന ശ്രമങ്ങൾ വിലയിരുത്തുക, ഏതെങ്കിലും പ്രശ്നം പരിഹരിക്കാതെ വന്നാൽ അത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരിക എന്നീ തീരുമാനങ്ങളും പ്രസ്തുത സമ്മേളനത്തിൽ എടുത്തു.

(ജി) യോഗത്തിൽ പങ്കെടുത്ത എല്ലാ പ്രതിനിധികളും ഒപ്പുവച്ചിട്ടുണ്ട്.

(എച്ച്)&(ഐ) അതിനുശേഷം സമാധാനം ഭഞ്ജിക്കുന്ന നടപടികൾ ഒന്നും ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ഗൺമാന്റെ റിവോൾവർ തട്ടിയെടുത്ത സംഭവം

25 (736)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരിയിൽ കൊല്ലപ്പെട്ട കെ.ടി. ജയകൃഷ്ണൻ എന്ന അദ്ധ്യാപകന്റെ ഗൺമാന്റെ കൈവശമുണ്ടായിരുന്ന സർവ്വീസ് റിവോൾവർ അക്രമികൾ തട്ടിയെടുത്തിരുന്നുവോ;

(ബി) ഇത് തിരികെ ലഭിച്ചുവോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ റിവോൾവർ കൊണ്ടുവന്ന് ഏൽപ്പിക്കുകയോ പിടിച്ചെടുക്കുകയോ ചെയ്തവരിൽ നിന്ന് ഈ കൊലപാതകം സംബന്ധിച്ച എന്തെല്ലാം വിവരം കിട്ടിയെന്ന് അറിയിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(സി) തോക്ക് കാണുന്നില്ല എന്ന ഗൺമാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ തലശ്ശേരി ഡിവൈ.എസ്.പി. അന്വേഷണം നടത്തി വരികയാണ്. തോക്ക് തിരിച്ച് കിട്ടിയിട്ടില്ല.

കണ്ണൂർ ജില്ലയിലെ അനിഷ്ട സംഭവങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടി

26 (737)ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നടക്കുന്ന അനിഷ്ട സംഭവങ്ങളും നിയമസമാധാന പ്രശ്നങ്ങളും പോലീസിനെകൊണ്ടു മാത്രം തടയാനോ നിയന്ത്രിക്കാനോ സാദ്ധ്യമല്ലെന്ന് കണ്ണൂർ ജില്ലയുടെ മേൽ അധികാര പരിധിയുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ പോലീസ് വകുപ്പ് മേധാവിയേയോ ഗവണ്മെന്റിനേയോ അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യക്തമാക്കുമോ;

(സി) അതനുസരിച്ച് ഗവണ്മെന്റ് എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) കണ്ണൂർ ജില്ലയിൽ നടന്ന അക്രമ സംഭവങ്ങൾ തടയുന്നതിനും സമാധാനം ഉറപ്പുവരുത്തുന്നതിനും പോലീസ് നടപടികളോടൊപ്പം രാഷ്ട്രീയ പാർട്ടികളുടെ മുൻകൈ കൂടി വേണ്ടതുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ 1999 ഡിസംബർ 6-ന് സർവ്വകക്ഷി സമാധാന സമ്മേളനം മുഖ്യമന്ത്രി കണ്ണൂരിൽ വിളിച്ചു ചേർക്കുകയുണ്ടായി.

രാഷ്ട്രീയ നേതാക്കൾക്ക് സെക്യൂരിറ്റി ഏർപ്പെടുത്തുന്ന നടപടി

27 (738)ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം രാഷ്ട്രീയ നേതാക്കൻമാർക്കാണ് പോലീസ് സെക്യൂരിറ്റി നൽകിയിട്ടുള്ളത്;

(ബി) പോലീസിന്റെ സംരക്ഷണമുള്ളപ്പോൾ ഈയിടെ ആരെങ്കിലും ആക്രമിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(സി) ഇതിന്റെ പേരിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ട് സംരക്ഷണം ലഭിച്ചിരുന്ന ഏതെങ്കിലും രാഷ്ട്രീയ നേതാവ് കൊല്ലപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly